Email-Keralarcs.coop@Kerala.gov.in
Website:-www.cooperation.kerala.gov.in
Fax-0471-2331513
Tel-0471-2330726

സി.ജി(1)16297/2016 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി: 30.4.2016

## സർക്കുലർ നമ്പർ 12/2016

വിഷയം:- സഹകരണ വകുപ്പ്-സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇന്ത്യൻ കറൻസി കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻ കരുതലുകൾ- സംബന്ധിച്ച്

സൂചന:-1) സംസ്ഥാന പോലീസ് ചീഫിന്റെ 4.12.2015 ലെ സി.7-187011/2015/പി.എച്ച്.ക്യൂ. നമ്പർ കത്ത്

2) സർക്കാരിന്റെ 29.3.2016 ലെ 13666/സി3/2015/സഹ. നമ്പർ കത്ത്

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കറൻസി കൈകാര്യം ചെയ്യുമ്പോൾ കറൻസികൾ ശരിയായി പരിശോധിക്കാത്തതു കാരണം/കള്ളനോട്ടുകൾ ചില സ്ഥാപനങ്ങളിൽ നിന്ന് മറ്റ് ബാങ്കുകളിലെത്തി ചേരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും, സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ കള്ളനോട്ട് തിരിച്ചറിയുന്നതിന് മതിയായ യന്ത്രങ്ങളുടെ അഭാവവും, ജീവനക്കാർക്ക് ഇക്കാര്യത്തിലുള്ള വൈദഗ്ദ്ധ്യകുറവും കള്ളനോട്ടുകളുടെ നിയമ വിരുദ്ധമായ ഇടപാടുകളിൽ ഏർപ്പെടുന്നവർ മുതലെടുക്കുന്ന സ്ഥിതി വിശേഷമാണുള്ളതെന്നും ആയതിനാൽ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ കള്ളനോട്ടുകൾ കണ്ടുപിടിക്കുന്നതിന് മതിയായ യന്ത്രങ്ങളുണ്ടാകണമെന്നും, ജീവനക്കാർക്ക് ഇക്കാര്യത്തിൽ വേണ്ട പരിശീലനം നൽകണമെന്നും സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സൂചന (2) പ്രകാരം സരക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് കറൻസി ഇടപാടുകൾ നടത്തുന്നതും, കൈകാര്യം ചെയ്യുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളും, എത്രയും വേഗം കള്ളനോട്ടുകൾ തിരിച്ചറിയുന്നതിനാവശ്യമായ ഗുണമേന്മയുള്ള യന്ത്രങ്ങൾ സ്ഥാപിക്കേണ്ടതും, കള്ളനോ

ട്ടുകൾ ശ്രദ്ധയിൽപ്പെടാതെ മറ്റ് ബാങ്കുകളിലോ, വ്യക്തികളിലോ, എത്തിപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതും ഇക്കാര്യത്തിൽ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. കള്ളനോട്ടുകളുടെ നിയമ വിരുദ്ധമായ ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട സംഘം/ബാങ്ക് അതിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. സർക്കുലർ മാർഗ്ഗനിർദ്ദേശം എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റർ) മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്റടാർ(ജനറൽ)മാർക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. എല്ലാ ആസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റർ)മാർക്കും)
   (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
6. ജനറൽ മാനേജർ
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
7. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
8. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ(സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ)
9. വെബ്സൈറ്റ്
10. സഹകരണ വീഥി /ജേർണൽ
11. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ആസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)